**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2031** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഗുണ്ടാ ആക്രമണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ എന്‍ എ നെല്ലിക്കുന്ന് ,<br>ശ്രീ. അബ്ദുല്‍ ഹമീദ് പി,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങൾ വർദ്ധിച്ചു വരുന്നത് തടയാൻ കഴിയാതായ സാഹചര്യം എന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ, എങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ, ; | (എ) | സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങൾ തടയാൻ കഴിയാത്ത സാഹചര്യം നിലവിലില്ല. സംസ്ഥാനത്ത് ഗുണ്ടാ ഗ്യാങ്ങ് വിളയാട്ടം അമർച്ച ചെയ്യുന്നതിനായി ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി യുടെ നേതൃത്ത്വത്തിൽ ഒരു Task Force രൂപീകരിച്ചിട്ടുണ്ട്.സംസ്ഥാന നോഡൽ ഓഫീസറായി പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി യെ നിയമിച്ചിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സംസ്ഥാനത്ത് നടന്നിട്ടുള്ള ഗുണ്ടാ ആക്രമണങ്ങളുടെയും കൊല്ലപ്പെട്ടിട്ടുള്ളവരുടേയും പരിക്കേറ്റവരുടെയും അറസ്റ്റ് ചെയ്ത പ്രതികളുടെയും ഇനി അറസ്റ്റ് ചെയ്യാനുള്ളവരുടെയും എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (ബി) | വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു |
| (സി) | സംസ്ഥാനത്ത് ഏകദേശം എത്ര ഗുണ്ടാ സംഘങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ടെന്നും ഗുണ്ടാ പ്രവർത്തനങ്ങളിൽ സജീവമായവരുടെ എണ്ണമെത്രയെന്നും അറിയിക്കുമോ; 'കാപ്പ' ചുമത്താൻ അധികാരപ്പെട്ട സമിതി കൃത്യമായ ഇടപെടൽ നടത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാപ്പ ചുമത്തുന്നതിന് പോലീസിന് അധികാരം നൽകണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് അറിയിക്കുമോ? | (സി) | ഏകദേശം 25 ഗുണ്ടാ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നാണ് കണക്കുകൾ.സജീവമായ ഏകദേശം 222 പേരുമുണ്ട്. ‘കാപ്പ ’ ചുമത്താൻ അധികാരപ്പെട്ട സമിതി കൃത്യമായ ഇടപെടൽ നടത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം, 2007 വകുപ്പ് 3(1) പ്രകാരം തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കാൻ വകുപ്പ് 3(2) പ്രകാരം ജില്ലാ മജിസ്ട്രേറ്റ് മാരെയാണ് അധികാരപ്പെടുത്തിയിരിക്കുന്നത്. 2022 ഏപ്രിൽ 1 ാം തീയതിയിലെ ആഭ്യന്തരം എസ്. എസ്. എ 5/60/2022 /ആഭ്യന്തരം നമ്പർ വിജ്ഞാപനപ്രകാരം 2022 എപ്രിൽ 21 ാം തീയതി മുതൽ മൂന്ന് വർഷത്തേക്കാണ് പ്രസ്തുത അധികാരങ്ങൾ നൽകിയിട്ടുള്ളത്.തടങ്കൽ ഉത്തരവ് നടപ്പിലാക്കിയ ശേഷം വകുപ്പ് 9 പ്രകാരം സർക്കാർ ഓരോ കരുതൽ തടങ്കൽ പ്രതികളുടെയും കേസ് ഉപദേശ ബോർഡിന് |

| | | | |
|---|---|---|---|
| | | | റഫർ ചെയ്യുന്നതും കരുതൽ തടങ്കലിനു മതിയായ കാരണം ഉണ്ടോ എന്ന് പരിശോധിക്കാൻ അധികാരപ്പെടുത്തിയ ഉപദേശക ബോർഡ് വകുപ്പ് (10) പ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചുവരുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| ക്രമ നം. | ജില്ല | മുൻ സർക്കാരിന്റെ കാലത്ത് (25.05.2016 മുതൽ 19.05.2021) | | | | | ഈ സർക്കാർ കാലയളവിൽ (20.05.2021 മുതൽ 28.06.2022) | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | രജിസ്റ്റർ ചെയ്ത കേസുകൾ | കൊല്ലപ്പെട്ടവരുടെ എണ്ണം | പരിക്കേറ്റവരുടെ എണ്ണം | അറസ്റ്റ് ചെയ്തവരുടെ എണ്ണം | ഇനി അറസ്റ്റ് ചെയ്യേണ്ടവരുടെ എണ്ണം | രജിസ്റ്റർ ചെയ്ത കേസുകൾ | കൊല്ലപ്പെട്ടവരുടെ എണ്ണം | പരിക്കേറ്റവരുടെ എണ്ണം | അറസ്റ്റ് ചെയ്തവരുടെ എണ്ണം | ഇനി അറസ്റ്റ് ചെയ്യേണ്ടവരുടെ എണ്ണം |
| 1 | Trivandrum City | 37 | 3 | 35 | 126 | 0 | 8 | 1 | 7 | 23 | 0 |
| 2 | Trivandrum Rural | 1 | 1 | 1 | 11 | 1 | 1 | 1 | 0 | 11 | 0 |
| 3 | Kollam City | 1 | 1 | 0 | 8 | 0 | 0 | 0 | 0 | 0 | 0 |
| 4 | Kollam Rural | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 5 | Pathanamthitta | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 6 | Alappuzha | 34 | 5 | 42 | 164 | 0 | 6 | 1 | 6 | 35 | 0 |
| 7 | Kottayam | 10 | 0 | 9 | 42 | 0 | 3 | 2 | 1 | 16 | 0 |
| 8 | Idukki | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 9 | Ernakulam City | 1 | 0 | 1 | 11 | 0 | 0 | 0 | 0 | 0 | 0 |
| 10 | Ernakulam Rural | 6 | 4 | 5 | 65 | 0 | 4 | 0 | 5 | 47 | 0 |
| 11 | Thrissur city | 18 | 0 | 21 | 106 | 0 | 7 | 0 | 7 | 47 | 0 |
| 12 | Thrissur Rural | 2 | 2 | 2 | 18 | 0 | 0 | 0 | 0 | 0 | 0 |
| 13 | Palakkad | 2 | 0 | 3 | 2 | 0 | 0 | 0 | 0 | 0 | 0 |
| 14 | Malappuram | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 15 | Kozhikode City | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 16 | Kozhikode Rural | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 17 | Wayanad | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 18 | Kannur City | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 19 | Kannur Rural | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 20 | Kasaragod | 1 | 0 | 0 | 7 | 0 | 0 | 0 | 0 | 0 | 0 |
| 21 | Railways | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| TOTAL | | 113 | 16 | 119 | 560 | 1 | 29 | 5 | 26 | 179 | 0 |

©
**കേരള സർക്കാർ**
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 11** Vol. XI | **തിരുവനന്തപുരം, വെള്ളി** Thiruvananthapuram, Friday | **2022 ഏപ്രിൽ 01** 01st April 2022 **1197 മീനം 18** 18th Meenam 1197 **1944 ചൈത്രം 11** 11th Chaithra 1944 | **നമ്പർ** No. | **1133** |

### കേരള സർക്കാർ

### ആഭ്യന്തര (രഹസ്യ വിഭാഗം - എ) വകുപ്പ്

### വിജ്ഞാപനം

*നം.*ആഭ്യന്തരം -എസ്.എസ്.എ.5/60/2022-ആഭ്യന്തരം.

*തീയതി*, തിരുവനന്തപുരം, *2022 ഏപ്രിൽ 1*
*1197 മീനം 18.*
*1944 ചൈത്രം 11.*

**എസ്. ആർ. ഒ. നമ്പർ 335/2022**

2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ് (2007 ലെ 34) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നല്കിയ അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നിലവിലുള്ള സാഹചര്യങ്ങൾ കണക്കിലെടുത്ത്, അപ്രകാരം ചെയ്യേണ്ടത്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ, എല്ലാ ജില്ലകളിലെയും ജില്ലാ മജിസ്ട്രേറ്റുമാരോട്, അവരുടെ അധികാരപരിധിക്കുള്ളിൽ താമസിക്കുന്നതോ താമസിക്കുന്നതല്ലാത്തതോ ആയ ആളുകളെ സംബന്ധിച്ച്, അങ്ങനെയുള്ള അധികാരപരിധിക്കുള്ളിൽ അത്തരം ആളുകൾ ഏർപ്പെടുന്നതോ ഏർപ്പെടുവാൻ ഇടയുള്ളതോ പ്രേരിപ്പിക്കുന്നതോ ആയ ഏതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവർത്തനത്തെ സംബന്ധിച്ച്, 2022 ഏപ്രിൽ 21-ാം തീയതിയിലും അന്നു മുതൽക്ക് മൂന്ന് വർഷക്കാലയളവിലേക്കും പ്രസ്തുത ആക്റ്റിന്റെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിലുള്ള അധികാരങ്ങൾ വിനിയോഗിക്കുവാൻ, ഇതിനാൽ നിർദ്ദേശിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ടി. കെ. ജോസ്**
**ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി**

**വിശദീകരണക്കുറിപ്പ്**

(ഇത് ഉത്തരവിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ് (2007-ലെ 34) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും ജില്ലാ മജിസ്ട്രേറ്റുമാരെ, അവരുടെ അധികാരപരിധിക്കുള്ളിൽ താമസിക്കുന്നതോ താമസിക്കുന്നതല്ലാത്തതോ ആയ ആളുകളെ സംബന്ധിച്ച്, അങ്ങനെയുള്ള അധികാരപരിധിക്കുള്ളിൽ അത്തരം ആളുകൾ ഏർപ്പെടുന്നതോ ഏർപ്പെടുവാൻ ഇടയുള്ളതോ പ്രേരിപ്പിക്കുന്നതോ ആയ ഏതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവർത്തനത്തെ സംബന്ധിച്ച്, പ്രസ്തുത ആക്റ്റിന്റെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിലുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിന്, 2021 ഏപ്രിൽ 21-ാം തീയതി മുതൽ ഒരു വർഷക്കാലയളവിലേക്ക്, 2021 മാർച്ച് 19-ാം തീയതിയിലെ 1231-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.300/2021-ാം നമ്പരായി പ്രസിദ്ധപ്പെടുത്തിയ 2021 മാർച്ച് 18-ാം തീയതിയിലെ ആഭ്യന്തരം-എസ്.എസ്.എ.5/39/2021-ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിരുന്നു. പ്രസ്തുത കാലാവധി 2022 ഏപ്രിൽ 20-ന് അവസാനിക്കുന്നതാണ്. ആയതിനാൽ, സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ജില്ലാ മജിസ്ട്രേറ്റുമാരെ, പ്രസ്തുത ആക്റ്റിന്റെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിനിയോഗിക്കുന്നതിലേക്കായി ആക്ടിന്റെ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം 2022 ഏപ്രിൽ 21-ാം തീയതിയിലും അന്നു മുതൽക്ക് മൂന്ന് വർഷക്കാലയളവിലേക്കും നിർദ്ദേശിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ഉദ്ദേശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഉത്തരവ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

No.Home-SSA5/60/2022-Home. *Dated, Thiruvananthapuram, 1st April 2022.*

*18th Meenam 1197.*

**S. R. O. No. 335/2022**

*11th Chaithra 1944.*

In exercise of the powers conferred by sub-section (2) of section 3 of the Kerala Anti-Social Activities (Prevention) Act, 2007 (34 of 2007), the Government of Kerala, having regard to the circumstances prevailing in all the Districts in the State are satisfied that it is necessary so to do, hereby direct the District Magistrates of all Districts to exercise the powers under sub-section (1) of section 3 of the said Act, in respect of persons residing within their jurisdiction or in respect of such persons not so resident who have been indulging in or about to indulge in or abet any anti-social activities within such jurisdiction for a period of three years with effect on and from 21st April, 2022.

By order of the Governor,

***T. K. JOSE***
***Additional Chief Secretary to Government***

Explanatory Note

(This does not form part of the order, but is intended to indicate its general purport.)

By invoking the powers conferred by sub-section (2) of section 3 of the Kerala Anti-Social Activities (Prevention) Act,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2007 (34 of 2007), Government of Kerala had directed the District Magistrates of all the Districts in the State to exercise the powers under sub-section (1) of section 3 of the said Act in respect of persons residing within their jurisdiction or in respect of such persons not so resident who have been indulging in or about to indulge in or abet any anti-social activities within their area of jurisdiction for a period of one year with effect from 21st April, 2021 as per order No.Home-SSA5/39/2021-Home dated 18th March, 2021 and published as S.R.O. No.300/2021 in the Kerala Gazette Extraordinary No.1231 dated 19th March, 2021. The said period expires on 20th April, 2022. Therefore, Government have decided to direct the District Magistrates in all the Districts of the State to exercise the power under sub-section (1) of section 3 of the said Act for a period of three years with effect on and from 21st April, 2022, as required under sub-section (2) of section 3.

The order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.04.02 10:35:50 +05:30